S1/37661/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.10.2023

**സർക്കുലർ**

വിഷയം:- റിസേർച് അവാർഡ് (ആസ്പയർ സ്കോളർഷിപ്പ് )

സൂചന :- റിസേർച്ച് അവാർഡ് 2023 -24 Verification/ Approval സംബന്ധിച്ച്...സ്ഥാപന മേധാവികൾ/യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്കൾക്കുള്ള നിർദ്ദേശങ്ങൾ......

*********

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിക്കുന്ന റിസേർച് അവാർഡിന് ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.അപേക്ഷകൾ സമർപ്പിക്കുന്നതിന് ഒക്ടോബർ 19 വരെയും വെരിഫിക്കേഷൻ/ അപ്പ്രൂവലിനു ഒക്ടോബർ 21 വരെയും സമയപരിധി അനുവദിച്ചിട്ടുണ്ട്. അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനകൾക്കും അംഗീകാരത്തിനുമായി ഓരോ കോളേജിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രിൻസിപ്പാൾ,HOD,സ്കോളർഷിപ്പ് നോഡൽ ഓഫീസർ ഉൾപ്പെടുന്ന ഒരു സ്കോളർഷിപ്പ് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു, പ്രസ്തുത കമ്മിറ്റി അംഗങ്ങളുടെ പേരുവിവരങ്ങൾ dceaspire2018@gmail.com ലേക്ക് മെയിൽ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് വെരിഫിക്കേഷൻ/അപ്പ്രൂവലിനായി പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഓരോ കോളേജിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻറുകളിലും രൂപീകരിക്കുന്ന പ്രിൻസിപ്പാൾ, HOD സ്കോളർഷിപ്പ് നോഡൽ ഓഫീസർ ഉൾപ്പെട്ട സെലക്ഷൻ കമ്മറ്റിയും ആതിഥേയ സ്ഥാപനത്തിലെ യൂണിവേഴ്സിറ്റി അംഗീകൃത ഗൈഡും അംഗീകരിച്ച മേലൊപ്പുവച്ച മൂല്യവത്തും, അക്കാദമിക് പ്രാധാന്യവുമേറിയ ഉന്നത നിലവാരം പുലർത്തുന്ന SYNOPSIS മാത്രമേ റിസർച്ച് അവാർഡിനായി പരിഗണിക്കുകയുള്ളു. ആയതിനാൽ സെലക്ഷൻ കമ്മിറ്റിയും ഗൈഡും പരിശോധിച്ച ഉന്നതനിലവാരം പുലർത്തുന്നു എന്ന് അംഗീകരിച്ച മേലൊപ്പുവച്ച SYNOPSIS ആണ് അപ്‌ലോഡ് ചെയ്യുത് എന്ന് ഉറപ്പാക്കി VERIFICATION/ APPROVAL ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്റ്റ് റിപ്പോർട്ടും മേൽ പറഞ്ഞ പ്രകാരം അംഗീകരിച്ച് മേലൊപ്പ് വച്ച് അപ്‌ലോഡ് ചെയ്യുവാൻ നിർദ്ദേശിക്കേണ്ടതാണ് . PG കോഴ്സ് പൂർത്തീകരണത്തിനുള്ള Dissertation Work റിസേർച് അവാർഡിന് പരിഗണിക്കേണ്ടതില്ല.**

**2.പ്രൊജക്റ്റ്/ഇൻറേൺഷിപ്പ് സ്വന്തം സ്ഥാപനത്തിൽ ചെയ്യുന്നവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല. ആതിഥേയ സ്ഥാപനങ്ങളായി ദേശീയ പ്രാധാന്യമുള്ള IIT, IIM,IISc, IISER, NIT, JNU, TISS തുടങ്ങിയ Premier Institutions അല്ലെങ്കിൽ സംസ്ഥാനത്തിലെ NAAC 'A' ഗ്രേഡ് ലഭിച്ച കോളേജുകളോ ആണ് തെരഞ്ഞെടുക്കുന്നത് എന്ന് ഉറപ്പാക്കി Verification/ Approval ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ് .**

**3.കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർ റിസർച്ച് അവാർഡിന് അർഹരല്ല.**

4 . സ്ഥാപനമേധാവികൾ നിശ്ചിത സമയപരിധിക്കകം (ഒക്ടോബർ 21 ) Verification/ Approval നൽകാത്തതുമൂലം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നഷ്ടമാകുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവികൾക്കു മാത്രമായിരിക്കും.

Approval Valid

ഒപ്പ്/-

GEETHAMANI V S

Digitally Approved By
GEETHAMANI V S
Date: 06.10.2023
Reason: Approved

GEETHAMANI V S
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്